പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1568

13.06.2014- ൽ മറുപടിക്ക്

കിഡ്നി രോഗ ബാധിതർക്ക് പെൻഷൻ പദ്ധതി

ചോദ്യം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡയാലിസ് നടത്തുന്നവർക്കുള്ള പെൻഷൻ പദ്ധതിയിൽ ബി.പി.എൽ റേഷൻ കാർഡുള്ളവർക്ക് മാത്രമേ അപേക്ഷിക്കാവൂ എന്നുള്ള നിബന്ധന മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വൃക്കതകരാർ സംഭവിച്ച് ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിലുള്ള രോഗികൾക്കാണ് സ.ഉ.(എം.എസ്) നം. 08/13/സാ.നീ.വ തീയതി 28.01.2013 പ്രകാരം പെൻഷൻ അനുവദിച്ച് വരുന്നത്. എ.പി.എൽ വിഭാഗത്തിൽപെടുന്ന ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്കും ധനസഹായം അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ, കിഡ്നി രോഗിയാണെന്നും ഡയാലിസീസ് നടത്തുന്നുണ്ട് എന്നുമുള്ള രേഖകൾ സഹിതം പെൻഷന് അപേക്ഷിക്കാവുന്ന രീതിയിൽ നിബന്ധനയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | പരിശോധിച്ചു വരുന്നു. |
| (സി) | അല്ലെങ്കിൽ ഡയാലിസ് നടത്തുന്നവരുടെ എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി മാറ്റാം എന്നുള്ള ഉത്തരവ് മാനിച്ച് ഡയാലിസിസ് നടത്തുന്ന രോഗികൾക്കെല്ലാം പെൻഷന് അപേക്ഷിക്കാം എന്നുള്ള രീതിയിൽ നിബന്ധന മാറ്റുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ